

# വികാരിയിൽ നിന്ന് ...

22-02-2019

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ വാത്സല്യം ഉള്ളവരെ,

ഒരു സാമ്പത്തിക വർഷത്തിൻെറ അവസാന മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ഇടവകയുടെ ആവശ്യമറിഞ്ഞ് സംഭാവനകളും, സബ്സ്ക്രിപ്ഷനും മറ്റ് പിരിവുകളും നൽകേണ്ട അവസാന ദിനങ്ങൾ ആണിത്. കഴിഞ്ഞ ഇടവകസംഘത്തിൽ നാം എടുത്ത തീരുമാനം ആണല്ലോ വരുമാനമുള്ള ഓരോരുത്തരും ഏറ്റവും കുറഞ്ഞത് 5 ബഹറിൻ ദിനാർ നൽകണമെന്ന കാര്യം. ഇടവക സന്ധാരണത്തിനായി ഇടവകാംഗങ്ങൾ മനപ്പൂർവ്വമായി നീക്കിവെച്ച് സന്തോഷത്തോടെ നൽകണം. അല്ലെങ്കിൽ ഇടവകയുടെ ദൈനംദിന കാര്യങ്ങൾ നടത്തിക്കൊണ്ട് പോകാൻ ബുദ്ധിമുട്ടാകും. ആയതിനാൽ എല്ലാവരും ആത്മാർത്ഥമായി ഇടവകയുടെ ആവശ്യങ്ങളിൽ സഹകരിക്കണം. ദൈവനാമത്തിനു വേണ്ടി നൽകിയാൽ അവൻ നമുക്ക് ഒരു കുറവും ബുദ്ധിമുട്ടും വരുവാൻ അനുവദിക്കുകയില്ല. ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും. ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും. കൊടുപ്പീൻ എന്നാൽ നിങ്ങൾക്ക് കിട്ടും. അമർത്തി കുലുക്കി കവിഞ്ഞ് വരത്തക്കവണ്ണം വലിയൊരളവിൽ നൽകുവാൻ ദൈവം സമ്പന്നനാണ്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം അനുഗ്രഹിക്കും.

മാർച്ച് മാസം പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒരു മാസമാണ്. അഖിലലോക പ്രാർത്ഥനാദിനം മാർച്ച് മാസം ഒന്നാം തീയതിയാണ്. പ്രാർത്ഥന വിശ്വാസിക്ക് പ്രാണവായു പോലെ പ്രാധാന്യമുള്ള പ്രധാനകാര്യമാണ്. പ്രാർത്ഥനയിലൂടെ കഴിയാത്തത് യാതൊന്നുമില്ല. സർവ്വശക്തനോട് നേരിട്ട് ബന്ധപ്പെടുവാൻ ഏറ്റവും എളുപ്പമാർഗ്ഗമാണ് പ്രാർത്ഥന. ഒന്നാം ആഴ്ച വലിയനോമ്പ് ആരംഭം ആണ്. 50 ദിവസം നീളുന്ന ഒരു കാലയളവാണിത്. 7 ഞായറാഴചകളിലൂടെ ക്രിസ്തു എന്ന തലയോളം വളരുവാനുള്ള, ക്രിസ്തുവിൻെറ പാതയിലൂടെയുള്ള ഒരു തീർത്ഥയാത്രയാണ്. ഇത് ശരീരത്തെയും, ആത്മാവിനേയും, പ്രപഞ്ചത്തെയും സൗഖ്യത്തിലേക്ക് നയിക്കുന്ന രക്ഷാപദ്ധതിയുടെ ധ്യാനം വിശ്വാസികളെ ക്രിസ്തുവിൻെറ ഉയർപ്പിൻെറ പങ്കാളിത്തത്തിലേക്ക് നയിക്കുന്നു. അടയാളങ്ങൾ, പ്രതീകങ്ങൾ, പഞ്ചഭൂതങ്ങളിന്മേലുള്ള ഇടപെടലുകൾ, കഷ്ടാനുഭവങ്ങൾ, മരണം, മരണത്തിന്മേലുള്ള വിജയം, ഉയർപ്പ് എന്നിങ്ങനെ നിരവധി രക്ഷാപദ്ധതികൾ ഈ ദിവസങ്ങളിൽ നമ്മൾ ധ്യാനിക്കുന്നു. ദൈവവചന പഠനം, പ്രാർത്ഥന, ഉപവാസം, ആരാധന, മറ്റുള്ളവരെ സഹായിക്കുക ആദിയായവ നോമ്പിൻെറ പ്രധാനപ്പെട്ട ഘടകങ്ങളാണ്.

ഒന്നാമത്തെ ആഴ്ചയിലെ ചിന്താവിഷയം പേത്തൂർത്തോ നോമ്പ്, വീണ്ടെടുപ്പിൻെറ സമയം എന്നതാണ്. യേശുക്രിസ്തു നമ്മുടെ ഓരോരുത്തരുടെയും വീണ്ടെടുപ്പുകാരൻ ആണ്. ഏത് സമയത്തും, സാഹചര്യത്തിലും നമ്മെ വീണ്ടെടുക്കുവാൻ അവൻ ശക്തനായ ദൈവം ആണ്. എന്നാൽ അവൻെറ കരങ്ങളിലേക്ക് നമ്മെ ഏൽപ്പിച്ചുകൊടുക്കേണ്ടത് ആവശ്യമാണ്. മധുരമായ ഇടപെടൽ കൊണ്ട് സമൂഹത്തിൻെറ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനുള്ള സാമൂഹികപ്രതിബദ്ധതയിലേക്ക് വലിയ നോമ്പ് കാലം നമ്മെ ഉദ്ബുദ്ധരാക്കുന്നു. ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞു പോയി. ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്ന വചനം നോമ്പ് കാലം സാക്ഷാത്കരിക്കപ്പെടണം. മാർച്ച് 4 തിങ്കൾ 'ശുക്ബക്കാനോ' "നിരപ്പിൻെറ ശുശ്രൂഷ" മനുഷ്യരോടും ദൈവത്തോടുമുള്ള അനുരഞ്ജനം നോമ്പിലെ അഭിവാജ്യഘടകമാണ്. ദൈവം മനുഷ്യരോട് യേശുക്രിസ്തുവിലൂടെ നിരന്നത് പോലെ വിശ്വാസികൾ തമ്മിലുള്ള അനുരഞ്ജനവും അത്യാവശ്യമാണ്.


രണ്ടാം ആഴ്ച “ക്രിസ്തു സാന്നിദ്ധ്യം പുറന്തള്ളപ്പെട്ടവരോടൊപ്പം” എന്നതാണ്. യേശുക്രിസ്തു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്ന സംഭവമാണ് പ്രതിപാദ്യവിഷയം. എന്നാൽ അവരുടെ ശാരീരികവും, മാനസികവും ആയ നൊമ്പരങ്ങൾ തിരിച്ചറിഞ്ഞ ക്രിസ്തു അവനു പരിപൂർണ്ണ സൗഖ്യം നൽകുന്നു. രോഗത്തെപ്പോലെ തന്നെ അസൂയയും, വിദ്വേഷവും, വെറുപ്പും, സ്വാർത്ഥതയും നമ്മുടെ ഉള്ളിൽ കുഷ്ഠരോഗം പോലെ ചീഞ്ഞു നാറുന്ന അനുഭവങ്ങളാണ്. എന്നാൽ നാം അനുതപിച്ച് ഏറ്റു പറഞ്ഞാൽ അരുമനാഥൻ പരിപൂർണ്ണ സൗഖ്യവും, വിടുതലും നൽകാൻ മതിയായവൻ ആണ്.

മൂന്നാം ആഴ്ചയിലെ ധ്യാനവിഷയം ‘പാപഭാരത്തിൽ നിന്ന് മോചനം’ എന്നതാണ്. പാപം മനുഷ്യൻെറ വ്യക്തിത്വത്തെ വികലമാക്കുന്നു. മനസ്സിൻെറ സ്വസ്ഥത നഷ്ടപ്പെടുത്തുന്നു. ദൈവത്തിൽ നിന്നും സഹോദരങ്ങളിൽ നിന്നും നമ്മെ അകറ്റിക്കളയുന്നു. എന്നാൽ പാപം മോചിച്ച് കിട്ടിയാൽ മനസ്സിനു സൗഖ്യവും, ബന്ധങ്ങളുടെ പൂർണ്ണതയും ദൈവവുമായുള്ള കൂട്ടായ്മയും സാദ്ധ്യമാകും. യേശുക്രിസ്തു സകല മനുഷ്യരുടേയും പാപപരിഹാരത്തിനായി ലോകത്തിലേക്ക് വന്ന് നമ്മെ പാപത്തിൽനിന്നും വീണ്ടെടുത്ത് രക്ഷയുടെ അനുഭവത്തിലേക്ക് നയിച്ചു. കഫർന്നഹൂമിലെ പക്ഷപാതരോഗിയെ തളർത്തിയിരുന്ന കുറ്റബോധത്തിൻെറ കരാളഹസ്തത്തിൽ നിന്നും യേശുക്രിസ്തു അവനെ മോചിപ്പിച്ചു. ശാരീരികമായും, മാനസികമായും, ആത്മീയമായും സൗഖ്യം പ്രാപിക്കുവാൻ യേശുക്രിസ്തുവിൻെറ ശക്തി അവനിൽ വ്യാപരിച്ചു. പാപം നമ്മുടെ ജീവിതത്തെ രോഗത്തിലേക്ക് നയിക്കും. സൗഖ്യം തരുവാൻ, പാപം മോചിക്കാൻ യേശുക്രിസ്തുവിനു മാത്രമേ കഴിയൂ.

നാലാം ആഴ്ച “പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിശ്വാസപ്രഖ്യാപനം” എന്ന വിഷയമാണ് ചിന്തിക്കുന്നത്. വിജാതീയ സ്ത്രീയുടെ വിശ്വാസം ദീപ്തമാക്കുന്ന യേശുക്രിസ്തുവിൻെറ ഇടപെടൽ പ്രതികൂലങ്ങളിലും, പ്രതിസന്ധികളിലും പതറാതെ, തളരാതെ വിശ്വാസ സ്ഥിരതയോടെ മുന്നേറി യേശുവിൻെറ പ്രശംസ പിടിച്ചുപറ്റിയ കനാന്യസ്ത്രീ നമുക്ക് എല്ലാവർക്കും നല്ല മാതൃകയാണ്. എല്ലാവരാലും തഴയപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ട, കനാന്യസ്ത്രീ, ആദിവാസി പെൺകുട്ടി സഹനത്തിലൂടെ തൻെറ വിശ്വാസം പ്രതിഫലിപ്പിച്ചു.

അഞ്ചാം ആഴ്ച “ചൂഷിതഘടനകളുടെ രൂപാന്തരീകരണം” എന്ന വിഷയമാണ് ധ്യാനിക്കുന്നത്. പള്ളിപ്രമാണിയും അധികാരികളും 18 വർഷമായി ദൈവാലയത്തിൽ വന്നിരുന്ന ഈ സ്ത്രീയെ സൗഖ്യം വരുത്തിക്കുവാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ഇവരെല്ലാവരും ചൂഷിതഘടനയുടെ ഭാഗം തന്നെയാണ് ജീവിതത്തിൽ നിവർന്ന് നിൽക്കാൻ കഴിയാത്ത തകർന്നുപോയ, ചൂഷണം ചെയ്യപ്പെട്ട സമൂഹത്തിൻെറ ഭാഗമാണു ഈ രക്തസ്രാവക്കാരി സ്ത്രീ. എല്ലാ പൈശാചികബന്ധനങ്ങളിൽ നിന്നും, ചൂഷണത്തിൽ നിന്നും വിടുവിക്കുന്ന ഒരു വിമോചകനായ ക്രിസ്തു നമ്മോടൊപ്പം എല്ലായ്പ്പോഴുമുണ്ട്. എല്ലാ സാത്താന്യശക്തികളിൽ നിന്നും നമ്മെ വിടുവിച്ച് രക്ഷയുടെ സന്തോഷം തരുവാൻ കർത്താവ് മതിയായവനാണ്. ഈ വിടുതലും, രക്ഷയും, വിമോചനവും ലോകത്തോട് പരസ്യമായി സാക്ഷിയാക്കുവാൻ, ഭൂലോകത്തിൽ ഒക്കെയും പോയി ഈ സുവിശേഷം പ്രസംഗിക്കുവാൻ നാം നിയോഗിക്കപ്പെട്ടിരിക്കുന്നു. ആ ദൗത്യം നമുക്ക് ഏറ്റെടുക്കാം. അതിനു ദൈവം നമ്മെ എല്ലാവരേയും ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.



**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com